തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# പൊതുസഭ
## ഇരുപത്തിയെട്ടാമത് യോഗതീരുമാനങ്ങൾ
**2023 മാർച്ച് 28 ചൊവ്വാഴ്ച രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. സാബു തോമസ് (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ കുറുക്കോളി മൊയ്തീൻ (എം.എൽ.എ.)
3. ശ്രീമതി റെറ്റി പി തോമസ് (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
4. ഡോ. സി. രാജേന്ദ്രൻ
5. കലാമണ്ഡലം ഹൈമവതി
6. കലാമണ്ഡലം പ്രഭാകരൻ
7. ഡോ. ടി. ബി. വേണുഗോപാലപണിക്കർ
8. ശ്രീ മുരുകൻ കാട്ടാകട (മലയാളം മിഷൻ)
9. കലാമണ്ഡലം എം.പി.എസ്. നമ്പൂതിരി
10. ഡോ. ജെ. പ്രസാദ്
11. ഡോ. സത്യൻ എം. (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
12. ഡോ. കെ.വി.ശശി
13. ഡോ. കെ.എം. അനിൽ
14. ഡോ. ധന്യ
15. ഡോ. സി. സെയ്തലവി
16. ശ്രീ ആശിഷ് സുകു
17. കുമാരി കൃഷ്ണ കെ.പി.
18. ശ്രീ അനീഷ്
19. കുമാരി ആര്യ

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം രാവിലെ 10.30 ന് ഓൺലൈനായി ആരംഭിച്ചു. മഹാത്മാഗാന്ധി സർവകലാശാല യുടെ കാമ്പസിൽ വച്ച് വൈസ് ചാൻസലർ യോഗം നിയന്ത്രിച്ചു.

**തീരുമാനങ്ങൾ**

ഇനം നമ്പർ: **2023.01**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: വൈസ് ചാൻസലറുടെ റിപ്പോർട്ട് സഭ അംഗീകരിച്ചു.

പൊതുസഭായോഗത്തിന്റെ ആമുഖമായി ബഹു. വൈസ് ചാൻസലർ താഴെ പറയുന്ന നിർദ്ദേശങ്ങൾക്കൊപ്പം ഒട്ടനേകം വിഷയങ്ങളിൽ പൊതുസഭയുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി.

- തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയെ ലോകോത്തരനില വാരത്തിലേക്കെത്തിക്കാൻ എല്ലാവരും കൈക്കോർക്കണം.
- ഉപേക്ഷ കൂടാതെ നാക് (NAAC) അക്രഡിറ്റേഷൻ എന്ന സ്വപ്നം എത്രയും വേഗത്തിൽ യാഥാർത്ഥ്യവത്കരിക്കണം.

- എൻ.ഐ.ആർ.എഫ്, അഡൽ റാങ്കിങ്, വേൾഡ് റാങ്കിങ് എന്നിവയിലെല്ലാം സർവകലാശാല പങ്കെടുക്കണം. അതിനായി സർവകലാശാലയെ സുസജ്ജമാക്കണം.
- സർവകലാശാലയിൽ സ്റ്റാർട്ട്അപ്പുകൾ തുടങ്ങണം.
- വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രം (MoU) ഒപ്പുവെക്കണം.
- പേറ്റന്റുകൾ നേടിയെടുക്കണം.
- സ്റ്റുഡന്റ്സ് എക്സ്ചേഞ്ച് പ്രോഗ്രാം എന്ന പദ്ധതി ആവിഷ്കരിക്കണം.
- അധ്യാപക എക്സ്ചേഞ്ച് പ്രോഗ്രാം എന്ന പദ്ധതി ആവിഷ്കരിക്കണം.
- മലയാളസർവകലാശാലയിലേക്ക് അന്തർദേശീയതലത്തിൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയണം.
- എം.എച്ച്.ആർ.ഡി, വേൾഡ് ബാങ്ക്, ഡി.ബി.റ്റി, ഡി.എസ്.ടി. എന്നിങ്ങനെയുള്ള പ്രോജക്ടുകളും അദ്ധ്യാപകർ ഏറ്റെടുക്കണം.
- നേട്ടങ്ങൾ കൈവരിക്കുവാൻ അദ്ധ്യാപകർ ഏകമനസ്സോടെ പ്രവർത്തിക്കണം.
- ലോകത്തുള്ള എല്ലാ മലയാളികൾക്കും അഭിമാനമാകുംവിധം മലയാളസർവകലാശാലയെ മാറ്റിയെടുക്കണം.

(ഭരണവിഭാഗം, ഐ.ക്യു.എ.സി.)

ഇനം നമ്പർ: **2023.02**

വിഷയം: **പൊതുസഭയുടെ ഇരുപത്തിയേഴാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പൊതുസഭയുടെ 27-ാമത് യോഗത്തിന്റെ തീരുമാനങ്ങൾ സഭ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2023.03**

വിഷയം: **നിർവാഹകസമിതി അംഗീകരിച്ച 2023-24 സാമ്പത്തികവർഷത്തെ സർവകലാശാല ബജറ്റ് പൊതുസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2023-24 വർഷത്തെ ബജറ്റ് സഭ സമഗ്രമായി ചർച്ച ചെയ്തു. ബജറ്റ് പുസ്തകത്തിൽ താഴെപ്പറയുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2023-24 വർഷത്തെ സർവകലാശാല ബജറ്റ് അംഗീകരിച്ചു.

(i) പേജ് 15 - സ്ഥിരം കാമ്പസിലെ കെട്ടിടനിർമാണം പ്രതീക്ഷിക്കുന്ന ചെലവിൽ 2000 ലക്ഷത്തിനു പകരം 1000 ലക്ഷമേ രേഖപ്പെടുത്തിയിട്ടുള്ളു. പ്രതീക്ഷിക്കുന്ന വരവിൽ ഇതുസംബന്ധിച്ച് തുകയൊന്നും കാണിച്ചിട്ടുമില്ല. ആസ്ഥാനമന്ദിരനിർമാണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 23 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭാവിയിൽ ചെലവ് ഉയർന്നോക്കാം എന്ന കാഴ്ചപ്പാടോടെ പ്രതീക്ഷിക്കുന്ന വരവിലും ചെലവിലും 2500 ലക്ഷം രൂപയായി രേഖപ്പെടുത്തണം.

(ii) പേജ് 18, Part II - പദ്ധതിയിനം - പദ്ധതിയിനം വരവിൽ 1000 ലക്ഷം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

പേജ് 20 - പദ്ധതിയിനം ചെലവിൽ 1000 ലക്ഷം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.

പദ്ധതിയിനം വരവിലും ചെലവിലും 2500 ലക്ഷം ഉൾപ്പെടുത്തണം.

(iii) പേജ് 18, Part IV- പൊതുകണക്കുകൾ - 01-5009-04 - തിരിച്ചുകിട്ടാനുള്ള മുൻകൂറുകൾ. 50 ലക്ഷം രൂപ വീണ്ടെടുത്ത് മുൻകൂർ തുകകൾ ക്രമീകരിക്കണം. മുൻകൂർക്രമീകരണത്തിനായി അനുവദിച്ചിട്ടുള്ള കാലാവധി കഴിഞ്ഞ മുൻകൂർ തുകകൾ ക്രമീകരിക്കാൻ നിയമപരമായ നടപടികൾ സ്വീകരിക്കണം.

(iv) പേജ് 20 - അക്ഷരം കാമ്പസിൽ വിദ്യാർത്ഥിനികൾക്കായി 950 ലക്ഷം രൂപയുടെ 'കർണികാരം' എന്ന ഹോസ്റ്റൽ നിർമിതിക്കു സർക്കാരിൽ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രതീക്ഷിക്കുന്ന ചെലവിലും വരവിലും തുകകളൊന്നും വകയിരുത്തിയിട്ടില്ല. 950 ലക്ഷം രൂപ, പ്രതീക്ഷിക്കുന്ന ചെലവിലും വരവിലും ഉൾക്കൊള്ളിച്ച് ബജറ്റ് പരിഷ്കരിക്കണം. തത്ഫലമായി ഉണ്ടാകുന്ന മാറ്റങ്ങൾ ബജറ്റ് പുസ്തകത്തിൽ ആവശ്യമായ ഭാഗങ്ങളിൽ വരുത്തണം.

പേജ് 20 - പബ്ലിക്കേഷൻ ഡിവിഷൻ / ഗസ്റ്റ് റൂം / എഞ്ചിനീയറിങ് വിഭാഗം എന്നിവക്കായി ഒരു കെട്ടിടം നിർമിച്ച് അതിൽ ഈ കാര്യാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി 41.25 ലക്ഷം രൂപയുടെ ഡി.പി. ആർ. തയ്യാറാക്കുകയും അതിന് സർവകലാശാല ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയിൽ ഗസ്റ്റ് ഹൗസ് നിർമാണത്തിന് 5 ലക്ഷം രൂപ പദ്ധതിയിനം ചെലവിൽ ഉൾപ്പെടുത്തിയതല്ലാതെ പദ്ധതിയിനം വരവിൽ തുക കാണിച്ചിട്ടില്ല. പബ്ലിക്കേഷൻ വിഭാഗത്തിന് നിർമാണ പ്രവൃത്തിക്കായി 23 ലക്ഷം പദ്ധതിയിനം ചെലവിൽ ഉൾപ്പെടുത്തിയതല്ലാതെ പദ്ധതിയിനം വരവിൽ തുകയൊന്നും കാണിച്ചിട്ടില്ല. എഞ്ചിനീയറിങ് വിഭാഗത്തിന്റെ നിർമിതിക്കായി പദ്ധതിയിനം ചെലവിലും വരവിലും തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. 23 ലക്ഷം + 5 ലക്ഷം ഇവ കൂട്ടിയാലും, 41.25 ലക്ഷത്തിനു പകരം, 28 ലക്ഷം രൂപ മാത്രമേ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 13.25 ലക്ഷം കുറവുണ്ടായി. 41.25 ലക്ഷം എസ്റ്റിമേറ്റ് ഒറ്റ കെട്ടിടത്തിനായിരിക്കെ ഗസ്റ്റ്ഹൗസിനും പബ്ലിക്കേഷൻ വിഭാഗത്തിനും തുക വെവ്വേറെ എങ്ങിനെ കാണിച്ചു എന്നുള്ളത് വ്യക്തമല്ല. പബ്ലിക്കേഷൻ ഗസ്റ്റ് റൂം, എഞ്ചിനീയറിങ് വിഭാഗങ്ങൾക്കായി നിർമിക്കുന്ന ഒറ്റ കെട്ടിടത്തിന് 41.25 ലക്ഷം രൂപ ചെലവിനത്തിലും വരവിനത്തിലും ഉൾപ്പെടുത്തി ബജറ്റ് പൂർണമാക്കണം.

(v) **Part II പദ്ധതിയിനം ചെലവിൽ 03. അക്കാദമിക പ്രവർത്തനങ്ങൾ**

പേജ് 27. 17. ഭാഷാസാഹിത്യവ്യാപനം എന്ന വിഭാഗത്തിൽ വള്ളത്തോൾ ചെയറിന് 5 ലക്ഷം രൂപ ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ളത് വരവ് ഇനത്തിൽ തുക കാണിച്ചിട്ടില്ല.

പദ്ധതിയിനത്തിൽ പ്രതീക്ഷിക്കുന്ന ചെലവിലും വരവിലും 5 ലക്ഷം രൂപ വള്ളത്തോൾ ചെയറിനായി ബജറ്റിൽ ഉൾപ്പെടുത്തണം.

(ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.04**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2022 ഏപ്രിൽ 01 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക കണക്കുകൾ പൊതുസഭയുടെ പരിഗണനക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: നിർവാഹകസമിതിയുടെ അമ്പത്തിയൊമ്പതാമത് യോഗം അംഗീകരിച്ച 2022 ഏപ്രിൽ 01 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക കണക്കുകൾ പൊതു സഭ അംഗീകരിച്ചു.

(ഫിനാൻസ് വിഭാഗം)

**ചർച്ചക്കിടയിൽ ഉടലെടുത്ത തീരുമാനങ്ങൾ**

ഇനം നമ്പർ: **2023.05**

വിഷയം: **വള്ളത്തോൾ ചെയറിന്റെ പ്രവർത്തനം സംബന്ധിച്ച്**

തീരുമാനം: വള്ളത്തോൾ ചെയറിന്റെ പ്രവർത്തനം കലാമണ്ഡലം കൽപിതസർവകലാശാലയുമായി ഏകോപിപ്പിക്കണം.

വള്ളത്തോൾ ചെയറിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയവും അന്തർദേശീയവുമായ രംഗങ്ങളിൽ പ്രഗത്ഭരായ വ്യക്തികളെ ക്ഷണിച്ച് പ്രഭാഷണങ്ങൾ സംഘടിപ്പിക്കണം.

(വി.സി. കാര്യാലയം)

ഇനം നമ്പർ: **2023.06**

വിഷയം: **വിദ്യാർത്ഥികളുടെ ഫീസ് വർധന സംബന്ധിച്ച്**

തീരുമാനം: അവശ്യമായ പഠനം നടത്തിയതിനുശേഷമേ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവൂ എന്നു തീരുമാനിച്ചു.

വിദേശരാജ്യങ്ങളിൽ ഇന്റേൻഷിപ്പ് ചെയ്യാൻ വേണ്ട നടപടികൾക്ക് തുടക്കം കുറിക്കണം.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.07**

വിഷയം: **അധിക ധനാഗമന മാർഗങ്ങൾ സംബന്ധിച്ച്**

തീരുമാനം: അധ്യാപകർ കൂട്ടായി പരിശ്രമിച്ച് സർവകലാശാലക്കു ആവശ്യമുള്ള ഫണ്ട് നേടിയെടുക്കാൻ വിവിധ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തണം.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.08**

വിഷയം: **ഓൺലൈൻ സമഗ്രമലയാളഭാഷാനിഘണ്ടു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയത് സംബന്ധിച്ച്**

തീരുമാനം: ശബ്ദതാരാവലിയുമായി ബന്ധപ്പെട്ട പ്രവർത്തനം നടത്തിവരുന്ന സന്ദർഭത്തിലാണ് ഓൺലൈൻ സമഗ്രമലയാളഭാഷാ നിഘണ്ടു തയ്യാറാക്കുന്ന പ്രവൃത്തി സർവകലാശാലയിൽ നടന്നു വരുന്നതായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനറിയാൻ കഴിഞ്ഞത്. കൂടാതെ നിഘണ്ടുനിർമാണവുമായ പ്രവൃത്തി സർവകലാശാലയിൽ നിലച്ചുകിടക്കുകയുമായിരുന്നു. അതിന്റെ വെളിച്ചത്തിലാണ് ഇതുവരെ നിർമിച്ചിടത്തോളം പദങ്ങളോടെ ഇതുസംബന്ധിച്ച ദത്തങ്ങൾ ഭാഷാഇൻസ്റ്റിറ്റ്യൂട്ടിനു കൈമാറാൻ ബഹു. ചീഫ് സെക്രട്ടറി മുൻകൈ എടുത്തു പ്രവർത്തിച്ചത്. അതുപ്രകാരം, സർവകലാശാല പ്രോജക്ടിന്റെ ലഭ്യ

മായ ദത്തം അദ്ദേഹം വഴി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയത്. ഈ സംഭവം അന്വേഷിച്ചു സഭയിൽ റിപ്പോർട്ട് ചെയ്യുവാൻ തീരുമാനിച്ചു.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.09**

വിഷയം: **2019 ആഗസ്റ്റിൽ പ്രവേശനം നേടിയ ഗവേഷകവിദ്യാർത്ഥികൾക്ക് പ്രതിമാസ ഫെലോഷിപ്പിന്റെ കുടിശിക അനുവദിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2019 ൽ പ്രവേശനം നേടിയ ഗവേഷക വിദ്യാർത്ഥികൾക്ക് അഡ്മിഷൻ വിജ്ഞാപന പ്രകാരം, സർവകലാശാല ഫെലോഷിപ്പ് ഉണ്ടായിരിക്കില്ല എന്ന് വ്യക്തമാക്കിയിരുന്നെങ്കിലും പിന്നീട് വിദ്യാർത്ഥികളുടെ പ്രക്ഷോഭങ്ങളും നിവേദനങ്ങളും കണക്കിലെടുത്ത് നിർവാഹകസമിതിയുടെ തീരുമാനപ്രകാരം ആദ്യം ഭാഗികമായി 5,500/- രൂപയും പിന്നീട് പൂർണമായി 12,000/- രൂപയും പ്രതിമാസ ഫെലോഷിപ്പ് അനുവദിച്ചു. ഇതുസംബന്ധിച്ച് ബാക്കി നിൽക്കുന്ന കുടിശിക വിദ്യാർത്ഥികൾക്കു നൽകുന്നതിന് സർക്കാരിൽ സമർപ്പിച്ച കത്തുകളുടെ തുടർനടപടിയുടെ ഭാഗമായി ഒരു ദൗത്യസംഘം ഉന്നതവിദ്യാഭ്യാസ വകുപ്പു മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി എന്നീ അധികാരികളെ നേരിൽകണ്ടു വേണ്ട ചർച്ച നടത്തുന്നതായിരിക്കും. നിർവാഹകസമിതിയുടെ 60-ാമത് യോഗത്തിൽ ഇതുസംബന്ധിച്ച കൈക്കൊണ്ട ഇതേ തീരുമാനം നടപ്പിലാക്കും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.10**

വിഷയം: **വിദ്യാർത്ഥികൾക്കു ലഭിക്കേണ്ട ഇ-ഗ്രാന്റിന്റെ മുടക്കം സംബന്ധിച്ച്**

തീരുമാനം: വിദ്യാർത്ഥികൾക്കു ലഭിക്കേണ്ട ഇ-ഗ്രാന്റ് സംബന്ധമായി മുടക്കം വന്നിട്ടുണ്ടെങ്കിൽ വിഷയം പരിശോധിച്ച് നടപടികൾ കൈക്കൊള്ളും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.11**

വിഷയം: **നാക് അക്രഡിറ്റേഷൻ സംബന്ധിച്ച്**

തീരുമാനം: യു.ജി.സി. / എം.എച്ച്.ആർ.ഡി. എന്നീ ബാഹ്യ ഏജൻസികളുടെ ഫണ്ടിങ്ങിന്റെ ഭാഗമായി നാക് (NAAC) അക്രഡിറ്റേഷൻ നടപടികൾ ത്വരിതഗതിയിലാക്കാൻ ഐ.ക്യു.എ.സി. ഡയറക്ടറുമായി ചർച്ച ചെയ്തുകൊണ്ട് നടപടികൾ സ്വീകരിക്കുവാൻ ബഹു. ചാൻസലർ നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ധ്യാപകരുടെ യോജിച്ച പ്രവർത്തനത്തിലൂടെ നാക് (NAAC) അക്രഡിറ്റേഷൻ നേടിയെടുക്കണം.

മഹാത്മാഗാന്ധി സർവകലാശാലയിൽ നാക് അക്രഡിറ്റേഷൻ പ്രക്രിയയിൽ ഉപയോഗപ്പെടുത്തുന്ന ഡോ. ഗബ്രിയേൽ സൈമൺ തട്ടിലിന്റെ വിദഗ്ധ സേവനം മലയാളസർവകലാശാലയുടെ നാക് അക്രഡിറ്റേഷൻ പ്രവൃത്തികൾക്കും വിനിയോഗിക്കും.

(ഭരണവിഭാഗം, ഐ.ക്യു.എ.സി.)

ഇനം നമ്പർ: **2023.12**

വിഷയം: **വിദ്യാർത്ഥികൾക്കു തിരികെ നൽകാൻ അവശേഷിക്കുന്ന കരുതൽനിക്ഷേപം (കോഷൻ ഡിപ്പോസിറ്റ്) നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: വിദ്യാർത്ഥികളുടെ പ്രവേശനസമയത്തും മറ്റുമായി സ്വീകരിച്ച കരുതൽനിക്ഷേപം തിരികെ നൽകേണ്ട വിഷയം സ്കൂൾ ഡയറക്ടർമാരുടെ യോഗം വിളിച്ച് ചേർത്ത് ചർച്ച നടത്തി തത്സംബന്ധമായ പ്രശ്നം പരിഹരിക്കും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.13**

വിഷയം: **വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിട്ടുള്ള 18% പിഴപലിശയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: വിദ്യാർത്ഥികളിൽ നിന്നും വിവിധങ്ങളായ വിഷയങ്ങളിൽ ഈടാക്കിയിട്ടുള്ള 18% പിഴപലിശ സംബന്ധിച്ച് വിദ്യാർത്ഥികൾക്കു നൽകുന്ന പ്രത്യേക ഇളവ് എന്ന നിലയിൽ നിർവാഹകസമിതിയിൽ അവതരിപ്പിച്ച്, പരിഹാരത്തിന് ശ്രമിക്കും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.14**

വിഷയം: **അധ്യാപകർക്ക് വിവിധ സംരംഭങ്ങൾക്ക് സീഡ് മണി നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: അധ്യാപകർക്ക് വിവിധ സംരംഭങ്ങൾക്ക് സീഡ് മണി നൽകുന്ന കാര്യം പരിഗണിക്കും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.15**

വിഷയം: **പരീക്ഷാവിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പരീക്ഷാവിഭാഗത്തിന്റെ പ്രവർത്തനം മികവുറ്റതാക്കുന്നതിനും ജോലിഭാരം നിർണയിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ജോലിഭാരം, പുതിയ തസ്തികകളുടെ ആവശ്യം എന്നിവ പരിശോധിക്കുന്നതിനായി നിർവാഹകസമിതിയുടെ 60-ാമത് യോഗത്തിൽ രൂപീകരിച്ചിട്ടുള്ള സമിതി ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കും.

(പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2023.16**

വിഷയം: **ഗവേഷകവിദ്യാർത്ഥികൾക്കു പിഎച്ച്.ഡി. സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിലെ കാലവിളംബം സംബന്ധിച്ച്**

തീരുമാനം: ഗവേഷകർക്കു നൽകാനുള്ള പിഎച്ച്.ഡി. സർട്ടിഫിക്കറ്റ് സംബന്ധിച്ച വിഷയത്തിൽ 2023 ഏപ്രിൽ മാസത്തിനുള്ളിൽ നടപടി സ്വീകരിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. രജിസ്ട്രാർ പരീക്ഷാ കൺട്രോളറുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

വിദ്യാർത്ഥികൾക്കു നൽകിയിട്ടുള്ള ബിരുദസർട്ടിഫിക്കറ്റുകളിൽ വന്നുപെട്ടിട്ടുള്ള പിഴവുകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും.

(പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2023.17**

വിഷയം: **ഡിജിറ്റൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും അതിന്റെ ഫലം ലഭ്യമാകുന്നില്ല എന്ന വിഷയം സംബന്ധിച്ച്**

തീരുമാനം: ഡിജിറ്റൈസേഷൻ സംബന്ധമായ പ്രശ്നങ്ങൾ പരിശോധിച്ച് യുക്തമായ നടപടി കൈക്കൊള്ളും. കാലിക്കറ്റ് സർവകലാശാലയുമായി ബന്ധപ്പെട്ട റിസോഴ്സ് ഷെയർ ചെയ്യുന്ന കാര്യം നിർവാഹകസമിതിയുടെ 60-ാമത് യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ ഈ വിഷയത്തിൽ തത്സംബന്ധമായ തീരുമാനപ്രകാരം തുടർനടപടികൾ ഉണ്ടാകും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.18**

വിഷയം: **ഗവേഷണപ്രവേശനം വിജ്ഞാപനം ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: സ്ഥലപരിമിതികളുടെ കാരണത്താൽ ഗവേഷണപ്രവേശന നടപടികൾ മാറ്റിവയ്ക്കുന്നത് അഭിലഷണീയമല്ലത്താതിനാൽ വിഷയം ഗൗരവമായി പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കും.

(ഭരണവിഭാഗം)

തിരൂർ നിയോജകമണ്ഡലം എം.എൽ.എ. ആയ ശ്രീ കുറുക്കോളി മൊയ്തീൻ അവർകളുടെ മണ്ഡലം ആസ്തി വികസനഫണ്ട് വിനിയോഗിച്ച് സർവകലാശാല വിദ്യാർത്ഥികൾക്ക് വിദൂരത്തുള്ള ഹോസ്റ്റലിൽ നിന്നും സർവകലാശാല ക്യാമ്പസിലേക്ക് എത്തിച്ചേരുന്നതിനുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനായി യാത്രാബസ് അനുവദിച്ച മഹത്പ്രവൃത്തിയെ സഭ ഒന്നടങ്കം പ്രകീർത്തിക്കുകയും എം.എൽ.എ.യെ അഭിനന്ദിക്കുകയും ചെയ്തു.

യോഗത്തിൽ ഉടനീളം നടന്ന സജീവ ചർച്ചയിൽ അംഗങ്ങൾ സംതൃപ്തി രേഖപ്പെടുത്തി. പൊതുസഭാ അംഗങ്ങൾക്കു ബഹു. വൈസ് ചാൻസലർ നന്ദി രേഖപ്പെടുത്തി.

യോഗം ഉച്ചക്ക് 12.05 ന് അവസാനിച്ചു.

രജിസ്ട്രാർ